വിവരസാങ്കേതിക സ്ഥാപനങ്ങളുടെ പ്രവർത്തനം

268 (635) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിലവിൽ എത്ര വിവരസാങ്കേതിക സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) അവയിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേരു വിവരങ്ങളും അവയിൽ ജോലി നോക്കുന്ന ജീവനക്കാരുടെയും തൊഴിലാളികളുടെയും എണ്ണം സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കാമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവരസാങ്കേതിക മേഖലയിലെ വ്യവസായങ്ങളുടെ വളർച്ചയും പുരോഗതിക്കും വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവര സാങ്കേതികവിദ്യാ വകുപ്പിന് കീഴിൽ 8 വിവര സാങ്കേതിക സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) സംസ്ഥാനത്തെ ഐ.ടി. വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും ഐ.ടി. വ്യവസായ വികസനത്തിനുമായി നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഐ.ടി. രംഗത്ത് വളർച്ചയ്ക്കായി ഐ.ടി. പാർക്കുകൾ തുടങ്ങുക, അവയ്ക്ക് അടിസ്ഥാന സൗകര്യമൊരുക്കുക, ഐ.ടി. വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നിവ സർക്കാരിന്റെ ഐ.ടി. നയത്തിലുൾപ്പെടുന്നു.

വിവര സാങ്കേതികവിദ്യ പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് ഐ.ടി. രംഗത്തെ വളർച്ചയ്ക്കായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നീ സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി. പാർക്കുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഐ.ടി. പാർക്കുകൾ സ്ഥാപിക്കുക, അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുക തുടങ്ങിയ ഐ.ടി./ ഐ.ടി. അനുബന്ധ മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സർക്കാർ ഒരു പുതിയ ഐ.ടി. നയം രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ടെക്നോപാർക്കിൽ ഒന്നാംഘട്ടം പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടുണ്ട്. ടെക്നോപാർക്കിന്റെ രണ്ടാം ഘട്ടത്തിന് പൂർണ്ണ സെസ് പദവി ലഭിക്കുകയും പ്രധാനപ്പെട്ട ഐ.ടി./ഐ.ടി. അനുബന്ധ കമ്പനികൾ അവിടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

ടെക്നോപാർക്കിന്റെ മൂന്നാംഘട്ട കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ടെക്നോപാർക്കിന്റെ മറ്റൊരു ബൃഹത് പദ്ധതിയായ ടെക്നോസിറ്റിയിൽ ഏകദേശം 424 ഏക്കറിലുള്ള 5 കമ്പനികൾക്ക് ഭൂമി നൽകുകയും ചില കമ്പനികൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇൻഫോപാർക്കിൽ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. അതോടൊപ്പം തന്നെ ഭാവിയിലെ വളർച്ചാ സാധ്യതകൾ മുന്നിൽകണ്ട് കൊരട്ടി, ചേർത്തല എന്നിവിടങ്ങളിൽ പുതിയ ഐ.ടി. സമുച്ചയങ്ങളുടെ നിർമ്മാണവും നടന്നുവരുന്നു. ഇതോടൊപ്പംതന്നെ സ്റ്റാർട്ടപ് എക്കോസിസ്റ്റം വളർത്തുന്നതിനായി NASSCOM 10,000 സ്റ്റാർട്ടപ്സ് ഇനിഷ്യേറ്റീവ് ആരംഭിച്ചു. കേരളാ സ്റ്റാർട്ടപ് മിഷൻ രൂപീകരിച്ചുകൊണ്ട് സ്റ്റാർട്ടപ് ഇനിഷ്യേറ്റീവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു ഗ്രാമപ്രദേശങ്ങളിലേക്ക് ഐ.ടി. വ്യവസായം വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ടെക്നോ ലോഡ്ജ്.

സൈബർ പാർക്കിന്റെ 2.88 ലക്ഷം ച.അടിയുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണവും അന്തിമഘട്ടത്തിലാണ്.

സ്മാർട്ട് സിറ്റിയുടെ ആദ്യഘട്ടം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തുടനീളം ചെലവ് കുറഞ്ഞതും ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് ചെറുതും ഇടത്തരവുമായ IT/ITES Electronics Sector സംരംഭങ്ങൾ ആരംഭിക്കുന്നതിനായി റൂറൽ ഇൻഫോർമേഷൻ ടെക്നോളജി ഇലക്ട്രോണിക്സ് പാർക്കുകൾ സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

പുതിയ ഐ.ടി. സംരംഭങ്ങൾ തുടങ്ങുന്നതിനും മികച്ച സംരംഭകരെ വാർത്തെടുക്കുന്നതിനുമായി സ്കൂൾതലം മുതൽ വിദ്യാർത്ഥികൾക്ക് സംരംഭകരാകാനുള്ള മാർഗ്ഗ നിർദ്ദേശം പ്രോത്സാഹനം എന്നിവ നൽകി കൂടുതൽ യുവസംരംഭകർ കടന്നുവരുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനായി കേരള സ്റ്റാർട്ടപ് മിഷൻ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരള സംസ്ഥാന ഐ.ടി. മിഷന്റെ ഐ.പി.എം.സി. (Investment Promotion Management Cell) പദ്ധതി പ്രകാരം വിവരസാങ്കേതിക മേഖലയിലുള്ള 24 വ്യവസായ സ്ഥാപനങ്ങൾക്ക് സബ്സിഡി നൽകുകയുണ്ടായി. ഏകദേശം രണ്ട് കോടിയിലധികം രൂപ ഈയിനത്തിൽ സബ്സിഡിയായി നൽകിയിട്ടുണ്ട്.

തിരുവനന്തപുരം ടെക്നോപാർക്കിന്റെ വിപുലീകരണം

269 (636) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ വ്യവസായ സംരംഭകർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഉറപ്പുവരുത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അവിടെ നിന്ന് കഴിഞ്ഞ 5 വർഷം നികുതി ഇനത്തിൽ ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ടെക്നോപാർക്കിന്റെ വിപുലീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ടെക്നോപാർക്കിലെ തദ്ദേശീയരായ വ്യവസായ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടെക്നോപാർക്കിന്റെ ഫെയ്സ്-1, ഫെയ്സ്-2, ഫെയ്സ്-3, ടെക്നോസിറ്റി, കൊല്ലം ടെക്നോപാർക്ക് എന്നീ എല്ലാ പദ്ധതികളിലുമുള്ള പ്രത്യേക സാമ്പത്തിക മേഖലകളിലെ (SEZ) സ്ഥല സൗകര്യം, വൻകിട ഐ.ടി./ഐ.ടി.ഇ.എസ്. സംരംഭങ്ങൾക്കുൾപ്പെടെ പ്രത്യേക സാമ്പത്തിക മേഖലകളിലും അല്ലാതെയും (SEZ and non SEZ) ഐ.ടി./ഐ.ടി.ഇ.എസ്. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ ഭൂമി, ലോകോത്തര നിലവാരമുള്ള കെട്ടിട സൗകര്യങ്ങൾ, പൂർണ്ണമായും ഫർണിഷ് ചെയ്ത് സജ്ജമാക്കിയിരിക്കുന്ന ബിസിനസ് ഓഫീസുകൾ, മികച്ച ജലവൈദ്യുതി വിതരണ സംവിധാനം, മികച്ച നിലവാരത്തിലുള്ള നെറ്റ്വർക്ക് കണക്ടിവിറ്റി സജ്ജീകരണങ്ങൾ, ഐ.ടി. സംരംഭങ്ങൾ കാലതാമസം കൂടാതെ ആരംഭിക്കുന്നതിനായി ടെക്നോപാർക്കിനുള്ള ഏകജാലക സംവിധാനം (Single Window Clearance), വൈദ്യുതി വിതരണ ലൈസൻസി പദവി തുടങ്ങിയ സൗകര്യങ്ങൾ ടെക്നോപാർക്കിൽ ഐ.ടി./ഐ.ടി.ഇ.എസ്. വ്യവസായ സംരംഭങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly